LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാരുടെ റിട്ടയർമെന്റ് പ്രായം

10 (702) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ 2015 മാർച്ചിൽ റിട്ടയർചെയ്യുന്ന എത്ര ഡോക്ടർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവരിൽ 57 വയസ്സ് പൂർത്തിയാവുന്നവർ എത്ര ; 56 വയസ്സ് പൂർത്തിയാവുന്നവർ എത്ര ; 56-നും 57-നും ഇടയിൽ പ്രായമുള്ളവർ എത്ര;

(സി) 57 വയസ്സ് പൂർത്തിയാക്കി കൂടുതൽ റിട്ടയർ ചെയ്യുമ്പോൾ മറ്റുള്ളവർക്ക് ആ അവസരം നിഷേധിക്കപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിവേചനം ഉണ്ടാകുന്ന അവസ്ഥ ഒഴിവാക്കി, എല്ലാവർക്കും 57 വയസ്സുവരെ തുടരാൻ അവസരംനൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ 2015 മാർച്ചിൽ 107 ഡോക്ടർമാർ റിട്ടയർ ചെയ്യുന്നുണ്ട്.

(ബി) അവരിൽ 57 വയസ്സ് പൂർത്തിയാവുന്നവർ 8 (എട്ട്) പേരും, 56 വയസ്സ് പൂർത്തിയാവുന്നവർ 19 (പത്തൊൻപത്) പേരും, 56-നും 57-നും ഇടയിൽ പ്രായമുള്ളവർ 80 (എൺപത്) പേരും ഉണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു വരികയാണ്. ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

എ.ജി.ഇ. പദ്ധതി

11 (703) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുതിർന്ന പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിനായി AGE (Assistant for Geratric Emergencies) പദ്ധതികൾ ഉൾപ്പെടുത്തി എത്ര ജില്ലാ ആശുപത്രികളിൽ ജറിയാട്രിക് ക്ലിനിക്കുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) വകയിരുത്തിയ തുകയിൽനിന്നും അനുബന്ധകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എത്ര തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) മുതിർന്ന പൗരൻമാരുടെ ആരോഗ്യ സംരക്ഷണത്തിനായി AGE (Assistance for Geriatric Emergencies) പദ്ധതി ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇതിനായി പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നില്ല ആരോഗ്യ വകുപ്പിന്റെ പ്ലാൻ പദ്ധതി വഴിയും എൻ.പി.എച്ച്.സി.ഇ. എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടേയും സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ജറിയാട്രിക് ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്. എ.ജി.ഇ. പദ്ധതിയ്ക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കെ.എസ്.ഡി.പി.-യിൽനിന്നും വാങ്ങിയ മരുന്നും ചികിത്സാ ഉപകരണങ്ങളും

12 (704) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ കെ.എസ്.ഡി.പി.-യിൽ നിന്നും എത്ര രൂപയുടെ മരുന്നുകളാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(ബി) 2014-15-ൽ കെ.എം.എസ്.സി.എൽ. ആകെ എത്ര രൂപയുടെ മരുന്നും ചികിത്സാ ഉപകരണങ്ങളുമാണ് വാങ്ങിയതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2011-12, 2012-13, 2013-14 വർഷങ്ങളിൽ കെ.എസ്.ഡി.പി.-യിൽ നിന്നും മരുന്നുവാങ്ങിയതിന്റെ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ഓർഡർ നൽകിയ തുക	മരുന്ന് ലഭ്യമായത് (തുക)
2011-12	48,33,23,636.00	42,16,73,515.80
2012-13	5,03,73,660.00	4,73,40,464.79
2013-14	13,87,41,799.00	13,74,34,558.00

LIBRARY ARCHIVES Kerala Legislative Assembly